## പതിനാലാം കേരള നിയമസഭ

### പതിനെട്ടാം സമ്മേളനം

### തൊഴിലുറപ്പ് പദ്ധതിയിലെ സോഷ്യൽ ഓഡിറ്റ്

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1628** — **10-02-2020-ൽ മറുപടിയ്ക്ക്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.എം.കെ.മുനീർ | | ശ്രീ.എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിലെ അഴിമതിയും ക്രമക്കേടുകളും തടയുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അഴിമതിയും ക്രമക്കേടുകളും തടയുന്നതിനും സുതാര്യത ഉറപ്പ് വരുത്തുന്നതിനുമായി ചുവടെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. ഗ്രാമവികസന വകുപ്പിലെയും തൊഴിലുറപ്പ് പദ്ധതി സംസ്ഥാനമിഷനിലെയും സീനിയർ ഉദ്യോഗസ്ഥർ ഫീൽഡുതല പരിശോധനയും പദ്ധതിയുടെ മോണിട്ടറിംഗ് നടപടികളും ഊർജ്ജിതമാക്കി.<br>2. പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ജില്ല-സംസ്ഥാന തലങ്ങളിൽ ക്വാളിറ്റി മോണിറ്റർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>3. തൊഴിലാളികളുടെ വേതനം ബാങ്ക് അക്കൗണ്ടിലൂടെ മാത്രം നൽകി വരുന്നു.<br>4. മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം ഉപയോഗിച്ച് തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു.<br>5. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി കേന്ദ്രസർക്കാർ നിർദ്ദേശ പ്രകാരം സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രൂപീകരിച്ചു. |
| (ബി) | ഇതിനായി സോഷ്യൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് തൽസ്ഥാനത്ത് നിന്നും മാറ്റിയിട്ടുണ്ടോ; എങ്കിൽ അതിന്റെ സാഹചര്യം വിശദമാക്കാമോ? | (സി) | ഉണ്ട്. കില യിലെ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ഡോ.എബി ജോർജ്ജിന്റെ സേവനം 28.11.2019-ലെ |

| | | | |
|---|---|---|---|
| | | | കില/2016/101/1030 നമ്പർ കത്തിലൂടെ കില ഡയറക്ടർ തിരികെ ആവശ്യപ്പെട്ട സാഹചര്യത്തിലാണ് 04.12.2019-ലെ സ.ഉ.(സാധാ) നം.2749/2019/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ടിയാന്റെ അന്യത്ര സേവനം അവസാനിപ്പിച്ച് . മാതൃസ്ഥാപനത്തിലെ തസ്തികയിലേയ്ക്ക് വിടുതൽ ചെയ്തത്. ടിയാൻ കിലയിൽ ഇത് വരെ തിരികെ ജോയിൻ ചെയ്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**